**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1410** **28-07-2021 - ൽ മറുപടിയ്ക്ക്**

**നാഷണൽ ട്രെയിനിംഗ് സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കാശ്മീർ മുതൽ കന്യാകുമാരി വരെയുള്ള കോളേജ് വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നതിന് കുട്ടനാട്ടിൽ നിർദ്ദേശിച്ചിട്ടുള്ള എൻ.സി.സി. ട്രെയിനിംഗ് സെന്റർ എന്നത്തേക്ക് പ്രവർത്തന സജ്ജമാകുമെന്ന് വ്യക്തമാക്കുമോ ; | (എ) | കുട്ടനാട് എൻ.സി.സി. നേവൽ ട്രെയിനിംഗ് സെന്ററിന്റെ ചുറ്റുമതിൽ നിർമ്മിക്കുന്നതിന് 48 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ട്രെയിനിംഗ് സെന്ററിന്റെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തിയ്ക്ക് 500 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |
| (ബി) | ഈ പദ്ധതി നടപ്പാക്കുന്നതോടു കൂടി നാടിനും ജനങ്ങൾക്കും എന്തെല്ലാം പ്രയോജനങ്ങൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ; | (ബി) | കുട്ടനാടിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രളയം, കോവിഡ്-19 പോലെയുള്ള വലിയ ദുരന്തങ്ങൾ ഉണ്ടാകുമ്പോൾ അടിയന്തര ഘട്ടത്തിൽ സംസ്ഥാന സർക്കാരിനും ജില്ലാ ഭരണകൂടത്തിനും ഒരു ദുരിതാശ്വാസ ക്യാമ്പ് ആയി ഉപയോഗിക്കത്തക്ക വിധത്തിലാണ് ഈ നേവൽ ട്രെയിനിംഗ് സെന്റർ രൂപകല്പന ചെയ്തിരിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയുടെ അടങ്കൽ തുക എത്രയെന്നും എന്തെല്ലാം സംവിധാനങ്ങൾ ഇവിടെ ഒരുക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും വിശദമാക്കാമോ ? | (സി) | പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയർ 12.88 കോടിയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്. 5 കേരള നേവൽ യൂണിറ്റ് ആഫീസ് കെട്ടിടം, 200 ആൺകുട്ടികൾക്കും 100 പെൺകുട്ടികൾക്കും താമസിച്ച് ജലത്തിലെ സാഹസിക പരിശീലനം സൗജന്യമായി നൽകുന്നതിനുള്ള നേവൽ ട്രെയിനിംഗ് സെന്റർ, ബോട്ട് ഹൗസ് എന്നിവ നിർമ്മിക്കുന്നതിനാണ് പദ്ധതി രൂപ കല്പന ചെയ്തിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ